9 -ാം വർഷം
2026
ഏപ്രിൽ 12, ഞായർ
ഉയിർപ്പ്, രണ്ടാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



# തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം

ലേവ്യ 26:1-13, ഏശയ്യ 44:1-8, 1 യോഹന്നാൻ 1:1-4, യോഹന്നാൻ 20:24-31

**എല്ലാ** ആത്മീയ ചിന്തകർക്കും അനുവാചകർക്കും വിശ്വാസികൾക്കും, ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും കഠിനവേദനകളിൽ നിന്ന് മരണത്തിനപ്പുറവും അതിജീവനമുണ്ടെന്ന 'പ്രത്യാശ'യുടെ ഉറപ്പും രക്ഷയുടെ കൃപയും ദാനമായി നൽകപ്പെട്ട ഉയിർപ്പുതിരുനാളിന്റെയും പുതുഞായറിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

വിചാരണവേളയിലും കുരിശിൽ തറച്ചപ്പോഴും ഈശോ അനുഭവിച്ച ഏകാന്തത അസ്സഹനീയമാണ്. ഈശോയുടെ മരണശേഷം ശിഷ്യന്മാർ നേരിട്ട ഏകാന്തത നിസ്സാരമല്ല. സാങ്കേതികവിദ്യ പുരോഗമിക്കുമ്പോഴും ഇന്റർനെറ്റിന്റെയും സമൂഹമാധ്യമങ്ങളുടെയും ഈ കാലഘട്ടത്തിലും നാം നമുക്കുള്ളിലേക്കു നോക്കുമ്പോൾ, നമ്മുടെ മനസ്സിന്റെ ഉള്ളിലെ ചെറിയ കള്ളിയിൽ നാം തനിച്ചാണ് എന്ന ഒറ്റപ്പെടൽ തോന്നാറില്ലേ? ആരുമില്ല എന്ന തോന്നൽ എനിക്കുണ്ടാകുമ്പോൾ, ഏകാന്തതയുടെ വിരസതകളിൽ നിരാശപ്പെട്ടിരിക്കുമ്പോൾ എന്തു ചെയ്യും എന്നതാണ് ഒരാളുടെ ആത്മീയതയുടെ കാമ്പ്. അപ്പോഴാണ്, ഉള്ളിലെ ക്രിസ്തുസാന്നിധ്യം തിരിച്ചറിയുമ്പോഴാണ് 'പുതുഞായർ അനുഭവം' ഉണ്ടാകുന്നത്.

യേശുവിന്റെ തിരുവുത്ഥാനത്തിലൂടെ പ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെട്ടിരിക്കുന്നു എന്ന സൂചനയാണ് 'പുതുഞായർ' നൽകുന്നത്. യോഹന്നാന്റെ സുവിശേഷം 20-ാം അധ്യായത്തിൽ ഉത്ഥിതനായ യേശുവിന്റെ മൂന്നു ദർശനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ കല്ലറയിലങ്കലേക്കുപോയ മറിയം മഗ്ദനലേനയ്ക്കാണ് ഉത്ഥിതന്റെ ദർശനം ആദ്യമായി ലഭിച്ചത് (20:118). തുടർന്ന് വൈകിട്ട് പത്തു ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ടതിന്റെ വിവരണവും (20:1923) അവസാനമായി അപ്പസ്തോ



ജോസ് തട്ടിൽ, ഇടപ്പള്ളി

ലൻ തോമസിനു ലഭിച്ച ദർശനവും ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും രേഖപ്പെടുത്തിയിരിക്കുന്നു.

## തോമസിന്റെ വിശ്വാസ പ്രഖ്യാപനം (20:24-29)

'തോമസിന്റെ സംശയം'എന്ന ഈ വചനഭാഗത്തിന് പ്രധാന അർത്ഥവും (Denotation) അതിലൂടെ സൂചിപ്പിക്കപ്പെടുന്ന വൈകാരികവുമായ അർത്ഥതലവും (Connotation) ഉണ്ട്. ഈ വചനഭാഗം അടുത്ത് പരിശോധിക്കുമ്പോൾ, സംശയം എന്നതിനേക്കാൾ ഒരു ശാഠ്യവും ആഴമേറിയ വിശ്വാസ പ്രഖ്യാപനവുമാണെന്ന് മനസ്സിലാക്കാം.

ആദ്യതവണ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് ശിഷ്യന്മാരുടെ കൂട്ടത്തിൽ ഇല്ലായിരുന്നു എന്നതുതന്നെ ആ ശിഷ്യന്റെ സ്വഭാവത്തിന്റെ ഒരു സവിശേഷതയിലേക്കു ശ്രദ്ധ തിരിക്കുന്നു. മറ്റു ശിഷ്യന്മാർ യൂദായിലേക്കു പോകാൻ ഭയപ്പെട്ടപ്പോൾ 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (യോഹ 11:16) എന്നു പറഞ്ഞ് തോമസ് പ്രകടമാക്കിയ ധീരത ഇവിടെയും തെളിയുന്നു. നിർഭയനാണ് തോമസ്. മറ്റു ശിഷ്യരുടെ സാക്ഷ്യം തോമസ് വിശ്വസിച്ചില്ല എന്നു നാം കരുതുമ്പോൾ, കൃത്യമായ അടയാളങ്ങൾ കാണാതെ വിശ്വസിക്കുകയില്ല എന്നു തറപ്പിച്ചു പറയുമ്പോഴും ഒരു ശിശുവിന്റെ ശാഠ്യവും അതോടൊപ്പം വിശ്വാസത്തിനായി മുന്നോട്ടുവയ്ക്കുന്ന ഉപാധിയും പ്രകടമാകുന്നു.

കുരിശിൽ മരിച്ച നസ്രായനായ യേശു തന്നെയാണ് ഉത്ഥിതനായി പ്രത്യക്ഷപ്പെട്ടത് എന്നുറപ്പുവരുത്താൻ സഹായിക്കുന്ന അടയാളമാണ് മുറിപ്പാടുകൾ. എന്നാൽ അതു മാത്രമല്ല, താൻ വിശ്വസിക്കുകയും അനുഗമിക്കുകയും രക്ഷകനും മാതൃകയുമായി സ്വീകരിക്കുകയും ചെയ്ത ഗുരു മുറിവേറ്റവനുമാണ് എന്ന് പ്രഖ്യാപിക്കുന്നു. തനിക്കായി മുറിവേറ്റവനെ മാത്രമേ ഗുരുവും രക്ഷകനുമായി ഏറ്റു പറയുകയുള്ളൂ എന്ന ഉറച്ച തീരുമാനം ഈ ശാഠ്യത്തിനു പിന്നിൽ കാണാൻ കഴിയും. എനിക്കുവേണ്ടി മുറിവേൽക്കുന്ന ദൈവസ്നേഹത്തിന്റെ ഭാവം ഇവിടെ പ്രകടമാകുമ്പോൾ മുറിവേറ്റവരിൽ യേശുവിനെ കാണുന്ന വിശ്വാസത്തിന്റെ സവിശേഷതയും അതിലൂടെ പരസ്നേഹത്തിന്റെ ക്രിസ്തീയഭാവവും നമുക്കിവിടെ കാണാൻ സാധിക്കുന്നു. ഉത്ഥിത ദർശനത്തെക്കുറിച്ച് മറ്റു ശിഷ്യർ പറഞ്ഞപ്പോഴുള്ള തോമസിന്റെ പ്രതികരണം ഉത്ഥാനത്തെ ഒരു യാഥാർത്ഥ്യമായി സ്വീകരിക്കുന്നതിനുള്ള "Gen Zee' തെളിവ് ആവശ്യപ്പെടുന്നു. കൈകളിലും പാർശ്വത്തിലുമുള്ള മുറിവുകൾ ക്രൂശിതന്റെ അടയാളങ്ങളാണ്. അതുകണ്ടാലേ താൻ വിശ്വസിക്കൂ എന്ന ശാഠ്യം ഉത്ഥിതനും ചരിത്രപുരുഷനും ഒരാൾതന്നെ എന്ന് സംശയത്തിനതീതമായി തെളിയിക്കാനുള്ള മാർഗമാണ്.

ഉത്ഥിതനായി പ്രത്യക്ഷപ്പെട്ടുവെന്നു അറിയുമ്പോൾ തോമസ് ആവശ്യപ്പെടുന്ന തെളിവിന്റെ പ്രത്യേകതയും ശ്രദ്ധേയമാണ്. മുറിവേറ്റു മരിച്ച ഒരു രക്ഷകനിലേ താൻ വിശ്വസിക്കൂ എന്നു പറയുന്നു. ഉയിർത്തെഴുന്നേറ്റപ്പോഴും മുറിപ്പാടുകൾ ഉണങ്ങാതെ നിൽക്കണം, മുറിവേറ്റവനായ യേശുവിനെ തൊട്ടു വിശ്വസിക്കുമ്പോൾ മുറിവേറ്റവരിൽ യേശുവിനെ കാണേണ്ടതിന്റെ സൂചനയും വ്യക്തമാണ്. മഹത്വീകൃതനായ ക്രിസ്തു മുറിപ്പാടുകൾ ഉണങ്ങാത്തവൻ തന്നെയാണ്.

## അടഞ്ഞ മുറിയ്ക്കുള്ളിലെ ദൈവശാസ്ത്രം

ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെടുന്നത്, അടഞ്ഞിരിക്കുന്ന മുറിയിലാണ്. ഉത്ഥിതനായ യേശുവിന്റെ ശരീരം ഒരു മിഥ്യയോ, തോന്നലോ അല്ല, യാഥാർത്ഥ്യമാണ്. ഉത്ഥിതശരീരം എപ്രകാരമുള്ളതായിരിക്കും എന്ന ചോദ്യം സഭയിൽ ആരംഭം മുതലേ ഉയർന്നിരുന്നു (1 കോറി 15:35). ആ ചോദ്യത്തിനുള്ള ഉത്തരവും ഈ വിവരണത്തിൽ കാണാം. അടച്ച വാതിലുകൾ തുറക്കാതെ തന്നെ അകത്തുവരാനും, പുറത്തു പോകാനും കഴിയുന്ന ശരീരത്തിനു സവിശേഷതകളുണ്ട്: അക്ഷയം, ലഘുത്വം, ദീപ്തി എന്നീ മൂന്നു ഗുണങ്ങളാണ് ഉത്ഥിതശരീരത്തിന്റെ പ്രത്യേകതകളായി ബൈബിൾ/ ദൈവശാസ്ത്രപണ്ഡിതന്മാർ എടുത്തുകാട്ടുന്നത്. അത് ഒരിക്കലും ക്ഷയിക്കുകയില്ല, അനശ്വരമായിരിക്കും. അതിനു ഭാരമില്ല, സ്ഥലവും ആവശ്യമില്ല. അതു പ്രകാശമാനമായി പ്രശോഭിക്കും. പുറപ്പാടു ഗ്രന്ഥത്തിൽ മൂന്നാം അധ്യായത്തിലെ മുൾപ്പടർപ്പും ഇതിനും സമാനമാണ്. യുഗാന്തത്തിൽ ഉത്ഥിതരാകുന്ന സകല തിരഞ്ഞെടുക്കപ്പെട്ടവരുടെയും ശരീരങ്ങൾക്കും ഈ രൂപമാറ്റം സംഭവിക്കാനിരിക്കുന്നു.

'വിശ്വാസി ആയിരിക്കുക' എന്നതാണ് യേശു നൽകുന്ന ആഹ്വാനം. തോമസിന്റെ ശാഠ്യത്തിനു വഴങ്ങി, ആവശ്യപ്പെട്ട തെളിവുകളും നിരത്തി, ആണിപ്പഴുതുകളിൽ വിരലും പാർശ്വത്തിലെ മുറിവിൽ കയ്യുംവച്ച് ഉറപ്പുവരുത്താൻ അവസരവും നൽകി.

തോമസ് തൊട്ടുനോക്കി എന്ന് സുവിശേഷകൻ പറയുന്നില്ല. ഗുരുദർശനമാത്രയിൽ ആ ശിഷ്യനിൽ നിന്നുയർന്നത് ഒരു നിലവിളിയായിരുന്നു - ഏറ്റവും പൂർണ്ണവും സാന്ദ്രവും ഹ്രസ്വവുമായ വിശ്വാസപ്രഖ്യാപനം. അതായിരുന്നു 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നുള്ള ഏറ്റുപറച്ചിൽ. അതിൽ ദൈവകൽപനകളുടെ പൂർണ്ണതയുണ്ട്, ദൈവത്തിലുള്ള പരിപൂർണ്ണ ആശ്രയത്വമുണ്ട്. 'ദൈവത്തിന്റെ കുഞ്ഞാട്' എന്ന സ്നാപകസാക്ഷ്യം മുതൽ (യോഹന്നാൻ 1:29) ലോകത്തിലേക്കു വരാനിരിക്കുന്ന ദൈവപുത്രനായ ക്രിസ്തു (യോഹന്നാൻ 11:27) എന്ന മർത്തയുടെ പ്രഖ്യാപനം വരെ നീളുന്ന, വെളിപ്പെടുത്തലുകൾക്കെല്ലാം ഉപരിയല്ലേ തോമസിന്റെ വിശ്വാസ പ്രഖ്യാപനം. യേശുവിനെ ശാരീരികമായി തോമസ് കണ്ടതുപ്പോലെ കാണാൻ നമുക്കു കഴിയുകയില്ല. അതു ആവശ്യവുമില്ല. ക്രിസ്തു ദർശനത്തിൽ നിന്ന് അപ്പസ്തോലിക സാക്ഷ്യത്തിലേക്കും അടയാളങ്ങളിൽനിന്ന് പ്രഘോഷണത്തിലേക്കും വിശ്വാസികളും ശുശ്രൂഷകരും തിരിയണം. അതു കാണാതെ വിശ്വസിക്കണം എന്നു തോമസിനോട് പറയുമ്പോൾ (യോഹന്നാൻ 20:29) വിശ്വാസത്തിനടിസ്ഥാനമായി യേശുവിന്റെ ശാരീരിക ദർശനം എന്ന പ്രബോധനത്തിനു ഊന്നൽ നൽകുകയാണ്.

## തോമാശ്ലീഹായുടെ ശാഠ്യം നൽകുന്ന ഉൾക്കാഴ്ച

ആഴപ്പെട്ട ആദ്ധ്യാത്മികതയുടെ അടിത്തറയിൽ നിന്നു മാത്രമേ ഒരു ശിഷ്യനു ഇത്രയും ആഴത്തിലുള്ള നിർബന്ധ ബുദ്ധി പ്രകടിപ്പിക്കുവാൻ സാധിക്കുകയുള്ളു. തോമാശ്ലീഹായ്ക്ക് ഈശോയുമായുള്ള വ്യക്തിബന്ധത്തിന്റെ സവിശേഷ പ്രകടനമാണ് തന്റെ നിർബന്ധ ബുദ്ധിയിൽ കാണുന്നത്. എന്റെ തമ്പുരാനും ഞാനും തമ്മിലുള്ള വ്യക്തിപരമായ ബന്ധമാണ് എന്റെ ആദ്ധ്യാത്മികത.

അവന്റെ വിശ്വാസപ്രഖ്യാപനം തലമുറകളിലേക്കു ഉത്ഥിതന്റെ ചൈതന്യം പകർന്നുകൊടുത്ത തുടർപ്രഖ്യാപനങ്ങളായി. ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷത്തിന്റെ സാക്ഷ്യവും വിശ്വാസജീവിതത്തിന്റെ ആദ്യകാഹളവുമായിത്തീർന്നു ഈ പ്രഖ്യാപനം.

മരണത്തോളം ഈശോയെ സ്നേഹിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ഒരു ശിഷ്യന്റെ (യോഹന്നാൻ 11:16) നിശ്ചയദാർഢ്യത്തിന്റെ ഏറ്റുപറച്ചിലാണ് തോമസിന്റെ വിശ്വാസപ്രഖ്യാപനം. മരണംവരെ ഗുരുവിന്റെ ആദർശങ്ങളും അവന്റെ വ്യക്തിത്വും അസ്തിത്വവും സ്വായത്തമാക്കാൻ നിർബന്ധം കാണിച്ച ശിഷ്യനാണ് മാർതോമാ. ഇപ്രകാരമുള്ള ഒരു ശിഷ്യന്റെ അവകാശമാണ് അവന്റെ ഗുരുവിന്റെ ഉത്ഥാന അനുഭവം. അതാണ് മാർതോമാ ചോദിച്ചു നേടിയത്.

അവനെ ഞാൻ കണ്ടു, അവന്റെ മുറിപ്പാടുകളും ആണിപ്പഴുതുകളും ഞാൻ കണ്ടു ബോധ്യപ്പെട്ടു, അവൻ സത്യമായും ഉയർത്തെഴുന്നേറ്റു, അവനിൽ ഞാൻ വിശ്വസിക്കുന്നു - നിങ്ങളും വിശ്വസിക്കുക, ആയിരക്കണക്കിന് മൈലുകൾക്കപ്പുറം ഭാരതത്തിൽ, കാണാതെ വിശ്വസിക്കുന്ന, വിശ്വസിക്കേണ്ട നമ്മുടെ വിശ്വാസത്തിന്റെ ആധികാരികതയ്ക്കുവേണ്ടി കൂടിയാണ് തോമാശ്ലീഹാ വാശിപിടിക്കുന്നത്, അല്ലെങ്കിൽ വാശി പിടിക്കേണ്ട സാഹചര്യം കർത്താവ് മാർതോമയ്ക്ക് ഒരുക്കിയത്. "എന്തെന്നാൽ ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല." (അപ്പ. 4:20)

## പുതുഞായർ എനിയ്ക്കുള്ള വെല്ലുവിളി

'നിങ്ങൾക്കു സമാധാനം'- പീഢാനുഭവത്തിലൂടെ കടന്നുപോയവൻ സ്വന്തമാക്കിയതാണ് സമാധാനം. ഗുരു ഇല്ലാത്ത സമ്മേളനത്തിന്റെ അസ്വസ്ഥതയും ഭയവും അനുഭവിക്കുന്നവരുടെ നടുവിലേക്കാണ് ഉത്ഥിതൻ തന്റെ ആശംസയുമായി കടന്നുവരുന്നത്, നോമ്പാചരണത്തിലൂടെ, പീഢാസഹനങ്ങളിലൂടെ കടന്നു പോകുന്നവർക്കായി കാത്തിരിക്കുന്ന യാഥാർത്ഥ്യമാണ് ഉത്ഥാനത്തിന്റെ ചൈതന്യവും അതു നൽകുന്ന സമാധാനവും. ഉത്ഥാനത്തിലൂടെ ഈ സമാധനത്തിന് സാർവ്വത്രികത ലഭിക്കുന്നു. നോമ്പുകാലം കഴിഞ്ഞു, വലിയ ആഴ്ചയിലെ തിരുകർമ്മങ്ങൾ അവസാനിച്ചു. നാം കുമ്പസാരിച്ചു, വിശുദ്ധ കുർബാനയും സ്വീകരിച്ചു. ഈസ്റ്റർ ആഘോഷങ്ങളും പൊടിപൊടിച്ചു. എന്നാൽ ഉത്ഥിതന്റെ സമാധാനത്തിൽ എനിക്കു പങ്കുചേരാനായി സാധിച്ചിട്ടുണ്ടോ? ലോകമിന്ന് ദാരിദ്ര്യമനുഭവിക്കുന്നത് സമാധാനത്തിന്റെ കാര്യത്തിലാണ്. ലോകരാഷ്ട്രങ്ങൾക്കിടയിൽ നിന്നും സമാധാനത്തിന്റെ ചക്രവാളങ്ങൾ അപ്രത്യക്ഷമായി. യുദ്ധങ്ങളും യുദ്ധത്തിനായുള്ള കാഹളങ്ങളും സമൂഹങ്ങൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും കെടുതികൾ വിതക്കുന്നു. കുടുംബങ്ങൾ പലതും അരക്ഷിതത്വത്തിന്റെയും അസംതൃപ്തിയുടെയും അവിശ്വാസത്തിന്റെയും ഇടങ്ങളാകുന്നു. വ്യക്തിബന്ധങ്ങളിലും 'അവനവനിസം' വർദ്ധിച്ചു വരുന്നു. എന്റെ ഹൃദയത്തിൽ ഉത്ഥിതൻ വച്ചുനീട്ടുന്ന ശാന്തിയും സമാധാനവും അനുഭവിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ കർത്താവിന്റെ സഹനവും ഉയിർപ്പും അതുവഴി ലഭിക്കേണ്ട രക്ഷയും എങ്ങനെ സ്വന്തമാക്കാൻ സാധിക്കും.

ഉത്ഥിതന്റെ സമാധാനം സ്വന്തമാക്കാനും ആസ്വദിക്കാനും പാപമോചനകൂദാശയായ കുമ്പസാരം നൽകുന്ന അവസരം നാം തിരിച്ചറിയണം. നമ്മുടെ ജീവിതകാലം മുഴുവൻ, നമുക്കു ഇടക്കിടെ നഷ്ടപ്പെടുന്ന ആത്മാവിന്റെ സ്വാതന്ത്ര്യവും രോഗാവസ്ഥയും, വിശുദ്ധ കുമ്പസാരത്തിലൂടെ സമാധാനമായി, സന്തോഷമായി തിരികെ നൽകപ്പെടുന്നു.

## ഉപസംഗ്രഹം - തോമസിന്റെ സംശയം

തോമാശ്ലീഹായുടേത് അവിശ്വാസമല്ല, വിശ്വാസത്തിന്റെ പ്രഘോഷണമാണ്. അത് വാശിപ്പിടുത്തമല്ല, അവകാശങ്ങൾക്കുവേണ്ടിയുള്ള ആവേശമാണ്, കണ്ടതും കേട്ടതും തൊട്ടനുഭവിച്ചതുമായ സത്യത്തെ പ്രഘോഷിക്കുവാൻ വേണ്ടിയുള്ള പ്രേഷിത തീക്ഷ്ണതയുടെ പ്രതിഫലനമാണ്. കാണപ്പെടാതെ വിശ്വസിക്കുന്നവർക്കുവേണ്ടിയുള്ള പ്രഖ്യാപനമാണ്.

'എന്റെ കർത്താവേ, എന്റെ ദൈവമേ' (യോഹന്നാൻ 20:28) എന്നത് വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടുള്ള സമ്പൂർണ്ണ സമർപ്പണമാണ്. ഇരുൾ നിറഞ്ഞ വിദൂര ഭൂമിയിലേക്കും കാലത്തിലേക്കും സുവിശേഷ പ്രഘോഷണത്തിനായി ഞാൻ പോയ്ക്കൊള്ളാം എന്ന തീക്ഷ്ണത നിറഞ്ഞ ഒരു പ്രേഷിതന്റെ അഭിനിവേശമാണ്. നിനക്കായി, നിന്റെ സുവിശേഷത്തിനായി ഞാൻ മരിക്കാം എന്നുള്ള അത്യുജ്ജ്വല വിശ്വാസ പ്രഖ്യാപനമാണിത്.

ഈ പുതുഞായറിൽ മാർതോമായുടെ മക്കളായ നമുക്കും അവനോടുകൂടി പ്പോയി മരിക്കാം, എന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ പ്രഘോഷകാരാകം, സാക്ഷികളാകാം... സമകാലീന കാലഘട്ടത്തിൽ അവിശ്വാസികളായി മാറ്റാനുള്ള എല്ലാ സാഹചര്യങ്ങളേയും വെല്ലുവിളികളേയും അതിജീവിക്കാനുള്ള ആഴപ്പെട്ട വിശ്വാസവും ശുശ്രൂഷാതീക്ഷ്ണതയും ലഭിക്കാനായി മാർതോമാ നമ്മെ സഹായിക്കട്ടെ.

(ഫാക്ട് റിട്ട. ജനറൽ മാനേജരും എഴുത്തുകാരനും ആണ് ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com